ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.09.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. അർദ്ധചാലക രംഗത്തെ ഇന്ത്യയുടെ ഭാവി രൂപപ്പെടുത്താൻ ലക്ഷ്യമിട്ട് സെമികോൺ ഇന്ത്യ എക്സ്പോ മാർട്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will inaugurate SEMICON India 2024 aiming India's future in semiconductor sector.**

2. ഏഷ്യാ പസഫിക് മന്ത്രിതല സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും.

   **Asia Pacific Ministerial Conference on Civil Aviation will begin at New Delhi today.**

3. ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നിർണായക പങ്ക് വഹിക്കാനാകുമെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്.

   **Panchayati Raj institutions can play a crucial role in making a developed nation says union Minister Rajeev Ranjan Singh.**

4. ഇന്ത്യ-ഫിലിപ്പീൻസ് സംയുക്ത പ്രതിരോധ സഹകരണ സമിതിയുടെ അഞ്ചാമത് യോഗം ഇന്ന് ഫിലിപ്പീൻസിൽ നടക്കും.

   **India- Philippines Joint Defence Cooperation meeting to be held at Manila today.**

5. ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും.

   **Chief Minister Pinarayi Vijayan will inaugurate Onathinorumuram pachakari harvest today.**

6. ഏഷ്യൻ ചാമ്പ്യൻസ് ഹോക്കി ടൂർണമെൻറിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും.

   **In hockey , India will take on Malaysia in their third match of Asian Champions Trophy tournament.**

&&&&&&&&&&&&&&&&&&

## PM- PM-SEMICON INDIA (INTRO)

സെമികോൺ ഇന്ത്യ എക്സ്പോ മാർട്ടിന് ഇന്ന് ഗ്രേറ്റർ നോയിഡയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിക്കും. അർദ്ധചാലക രംഗത്തെ ഇന്ത്യയുടെ ഭാവി രൂപപ്പെടുത്താൻ ലക്ഷ്യമിട്ടാണ് മൂന്ന് ദിവസത്തെ മേള സംഘടിപ്പിക്കുന്നത്.

വിശദാംശങ്ങളിലേക്ക്.....

## PM-SEMICON INDIA (VOICE)

അർദ്ധചാലക രംഗത്തെ വിദഗ്ദ്ധരും 250-ലധികം പ്രദർശകരും സെമികോൺ ഇന്ത്യ എക്സ്പോ മാർട്ടിൽ പങ്കെടുക്കും. രാജ്യത്തിന്റെ അർദ്ധചാലകനയം ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുന്ന വേദിയായി സമ്മേളനം മാറുമെന്നാണ് വിലയിരുത്തൽ. ആഗോളതലത്തിൽ അർദ്ധചാലക വ്യവസായ മേഖലയിലെ കമ്പനികളെയും വിദഗ്ദ്ധരെയും ഒരുമിച്ച് കൊണ്ടുവരുന്നതിനും സെമികോൺ ഇന്ത്യ എക്സ്പോ ലക്ഷ്യമിടുന്നുണ്ട്. ആഗോള അർദ്ധചാലക മേഖലയുടെ വളർച്ചയിൽ ഇന്ത്യ വഹിക്കുന്ന പങ്ക് വ്യക്തമാക്കുന്നതിനുള്ള വേദി കൂടിയാണ് ഇന്ന് ആരംഭിക്കുന്ന എക്സ്പോ. രാജ്യത്തെ അർദ്ധചാലക ആവാസവ്യവസ്ഥയെ രൂപപ്പെടുത്തുന്ന വിവിധ വശങ്ങളെ കുറിച്ച് എക്സ്പോയിൽ ചർച്ചകൾ സംഘടിപ്പിക്കും. ഇതിന് മുന്നോടിയായി സെമികണ്ടക്ടർ വ്യവസായ മേഖലയിലെ കമ്പനി മേധാവിമാർ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&

## PM-ANUSANDHAN

ഗവേഷണത്തിനും നവീകരണത്തിനുമുള്ള വിഭവങ്ങളുടെ വിനിയോഗം ശാസ്ത്രീയമായി നിരീക്ഷിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദേശീയ വിദ്യാഭ്യാസ നയം 2020 ൻറെ ശുപാർശപ്രകാരം രൂപീകരിച്ച അനുസന്ധാൻ ദേശീയ ഗവേഷക ഫൗണ്ടേഷൻറെ ആദ്യ ഭരണ സമിതി യോഗത്തിന് ന്യൂഡൽഹിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു പ്രധാനമന്ത്രി. ഗവേഷണം പ്രോത്സാഹിപ്പിക്കും വിധം രാജ്യത്തെ ശാസ്ത്ര, സാങ്കേതിക മേഖലയെ, പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച ചർച്ചകൾ യോഗത്തിൽ നടന്നു. ഗവേഷണ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ സഹായിക്കുന്ന ഡാഷ്ബോർഡ് സജ്ജീകരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര വിദ്യാഭ്യാസ

മന്ത്രി ധർമേന്ദ്ര പ്രധാൻ, ശാസ്ത്ര, ഗവേഷണ മേഖലയിലെ പ്രമുഖർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## ASIA PACIFIC CONFERENCE

സിവിൽ ഏവിയേഷൻ സംബന്ധിച്ച രണ്ടാമത് ഏഷ്യാ പസഫിക് മന്ത്രിതല സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് ആരംഭിക്കും. അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ഓർഗനൈസേഷനും വ്യോമയാന മന്ത്രാലയവും ചേർന്നാണ് രണ്ട് ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ വിമാനത്താവളങ്ങളുടെയും വിമാനങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ വർധനയാണ് രാജ്യത്ത് ഉണ്ടായിട്ടുള്ളതെന്നും കണക്കുകൾ വ്യക്തമാക്കുന്നു .

&&&&&&&&&&&&&&&&&&

## INDIA – SINGAPORE

പൊതു ഭരണപരിഷ്കാരങ്ങൾ സംബന്ധിച്ച് ഇന്ത്യ-സിംഗപ്പൂർ സംയുക്ത വർക്കിംഗ് ഗ്രൂപ്പ് യോഗം നടന്നു. വകുപ്പ് സെക്രട്ടറി, വി. ശ്രീനിവാസ്, സിംഗപ്പൂരിലെ സ്ഥിരം സെക്രട്ടറി, ടാൻ ഗീ ക്യൂ എന്നിവർ ഭരണപരിഷ്കാരങ്ങളിലും സാങ്കേതിക വിദ്യയിലും സ്വീകരിക്കേണ്ട സഹകരണ രൂപരേഖ പങ്കുവെച്ചു. വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തിയ കൂടിക്കാഴ്ചയിൽ സദ്ഭരണത്തിലെയും ഭരണപരിഷ്കാരങ്ങളിലെയും സംഭവവികാസങ്ങൾ ഇരുപക്ഷവും പങ്കുവച്ചു.

&&&&&&&&&&&&&&&&&&

## PANCHAYATI RAJ

2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നിർണായക പങ്ക്

വഹിക്കാനാകുമെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്. പട്നയിൽ ത്രിദിന ശിൽപശാലയുടെ ഉദ്ഘാടനം കേന്ദ്ര മന്ത്രി നിർവഹിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 600-ലധികം പ്രതിനിധികൾ ശിൽപശാലയിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## DEFENCE–MANILA

ഇന്ത്യ-ഫിലിപ്പീൻസ് സംയുക്ത പ്രതിരോധ സഹകരണ സമിതിയുടെ അഞ്ചാമത് യോഗം ഇന്ന് ഫിലിപ്പീൻസിലെ മനിലയിൽ നടക്കും. കേന്ദ്ര പ്രതിരോധ സെക്രട്ടറി ഗിരിധർ അരമന യോഗത്തിൽ സഹ അധ്യക്ഷനാകും. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ യോഗത്തിൽ നടക്കുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## HARDEEP PURI

സാമൂഹിക സംരംഭങ്ങൾ ഇന്ത്യൻ ജീവിതശൈലിയുടെ സുപ്രധാന ഭാഗമാണെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി. രാജ്യത്തെ കൃഷി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളെ സാമൂഹിക സംരംഭങ്ങൾ സ്വാധീനിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. സാമൂഹിക വികസനത്തിലെ സംരംഭകരുടെ ശ്രമങ്ങളെ ശ്രീ ഹർദീപ് സിംഗ് പുരി അഭിനന്ദിച്ചു. *'15-ാമത് സോഷ്യൽ എന്റർപ്രണർ ഓഫ് ദി ഇയർ അവാർഡ്-ഇന്ത്യ 2024'* ന്യൂഡൽഹിയിൽ വിതരണം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

&&&&&&&&&&&&&&&&&&

## UN

യുഎൻ പൊതു സഭയുടെ 79-ാമത് സമ്മേളനം ന്യൂയോർക്കിൽ ആരംഭിച്ചു. ആഗോള വെല്ലുവിളികളെ നേരിടാൻ ആഴത്തിലുള്ള അന്താരാഷ്ട്ര സഹകരണത്തിന് സമ്മേളനം ആഹ്വാനം ചെയ്തു. ആഗോള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഐക്യരാഷ്ട്രസഭയുടെ ചാർട്ടറിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തിക്കണമെന്നും യോഗം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## UAE – VISA AMNESSTY (INTRO)

യു.എ.ഇ യിൽ ഈ മാസം ഒന്നാം തീയതി ആരംഭിച്ച രണ്ട് മാസത്തെ പൊതുമാപ്പ് പരിപാടിക്ക് വൻ സ്വീകാര്യത. സഹായം ആവശ്യപ്പെട്ട് എത്തിയ 1,200 ലേറെ പേർക്ക് ദുബായ് കോൺസുലേറ്റ് സഹായം ലഭ്യമാക്കിയതായും 350 പേർക്ക് യാത്രാ രേഖകൾ വിതരണം ചെയ്തതായും അധികൃതർ അറിയിച്ചു. പൊതുമാപ്പ് സംവിധാനം ഏറെ സഹായകമായതായി വീസാ തട്ടിപ്പിരയായ മലയായി രേഷ്മ ആകാശവാണി വാർത്തകളോട് പറഞ്ഞു......

(ഹോൾഡ്- വോയിസ് )

വീസാ കാലാവധി കഴിഞ്ഞവർക്കും രാജ്യത്ത് അനധികൃതമായി താമസിക്കുന്നവർക്കും താമസം നിയമവിധേയമാക്കാനോ പിഴകളി ല്ലാതെ സ്വദേശത്തേക്ക് തിരിച്ചുപോകാനോ സഹായിക്കുക എന്ന ലക്ഷ്യത്തിലാണ് യുഎഇ സർക്കാർ പരിപാടി സംഘടിപ്പിച്ചത്. പരിപാടി അടുത്തമാസം 30 വരെ തുടരും.

&&&&&&&&&&&&&&&&&&

## CHOUHAN - RURAL DEVELOPMENT

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 2,745 കോടി രൂപയുടെ ഗഡു ഈ മാസം 15 ന് ജാർഖണ്ഡിലെ ജംഷഡ്പൂരിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിതരണം ചെയ്യുമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. എല്ലാ ഗുണഭോക്താക്കൾക്കും അംഗീകാരപത്രിക നൽകുമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ പാവപ്പെട്ടവരുടെ ഉന്നമനമാണ് കേന്ദ്രസർക്കാരിന്റെ ആത്യന്തിക ലക്ഷ്യമെന്നും അതിലേക്കുള്ള പ്രധാന ചുവടുവയ്പ്പാണ് പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയെന്നും ശ്രീ ചൗഹാൻ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## COAL PRODUCTION

2024 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള ഇന്ത്യയുടെ കൽക്കരി ഉത്പാദനം 38.4 കോടി ടൺ ആയതായി കൽക്കരി മന്ത്രാലയം. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 36.111 കോടി ആയിരുന്നതായും ആറു ശതമാനത്തിലേറെ വർദ്ധന ഉണ്ടായതായും മന്ത്രാലയം വ്യക്തമാക്കി. രാജ്യത്തെ കൽക്കരി ഉത്പാദനം കഴിഞ്ഞ നാലു വർഷമായി തുടർച്ചയായി പുരോഗതി കൈവരിക്കുന്നതായും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## CM-KERALA

കേരളത്തിൽ കൃഷി വകുപ്പിൻറെ ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് സെക്രട്ടറിയേറ്റ് അങ്കണത്തിൽ നിർവ്വഹിക്കും. സംസ്ഥാനത്തെ ഭക്ഷ്യ സ്വയം

പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് ഓണത്തിനൊരുമുറം

പച്ചക്കറി.

&&&&&&&&&&&&&&&&&&

## HOCKEY- ASIAN CHAMPIONS TROPHY

ഏഷ്യൻ ചാമ്പ്യൻസ് ഹോക്കി ടൂർണമെൻ്റിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും. ആദ്യ മത്സരത്തിൽ ചൈനയെയും തുടർന്ന് ജപ്പാനെയുംഇന്ത്യ പരാജയപ്പെടുത്തിയിരുന്നു. മികച്ച നാല് ടീമുകൾ ഈ മാസം 16 ന് നടക്കുന്ന സെമിഫൈനലിലേക്ക് യോഗ്യത നേടും. സെപ്റ്റംബർ 17 നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&

## CHESS OLYMPIAD

45-ാമത് ഫിഡെ ചെസ് ഒളിമ്പ്യാഡിന് ബുഡാപെസ്റ്റിൽ ഇന്ന് തുടക്കമാകും. 12 ദിവസം നീണ്ടുനിൽക്കുന്ന ബിനാലെയിൽ 1,800-ലധികം കളിക്കാർ പങ്കെടുക്കും. ഇന്ത്യൻ താരങ്ങളായ ഡി.ഗുകേഷ്, അർജുൻ എറിഗൈസി, ആർ.പ്രഗ്നാനന്ദാ തുടങ്ങിയവർ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്. വനിതാ വിഭാഗത്തിൽ ദ്രോണവല്ലി ഹരികയുടെ നേതൃത്വത്തിലുള്ള സഖ്യമാണ് ഇന്ത്യക്കായി മത്സരിക്കുന്നത്.

&&&&&&&&&&&&&&&&&&

## MANDAVIYA FELICITATES

പാരീസ് പാരാലിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ച വച്ച് തിരികെ എത്തിയ ഇന്ത്യൻ സംഘത്തെ കേന്ദ്ര മന്ത്രി മൻസുഖ്

മാണ്ഡവ്യ ആദരിച്ചു. ന്യൂ ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ സ്വർണമെഡൽ ജേതാക്കൾക്ക് 75 ലക്ഷം രൂപ വീതവും വെള്ളി മെഡൽ ജേതാക്കൾക്ക് 50 ലക്ഷം രൂപ വീതവും വെങ്കല മെഡൽ ജേതാവിന് 30 ലക്ഷം രൂപ വീതവും പുരസ്കാരങ്ങൾ കൈമാറി.

&&&&&&&&&&&&&&&&&&

## EUROPEAN UNION

സാങ്കേതികവിദ്യയുടെ വികസനം വർധിപ്പിക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫാക്ടറികൾ സ്ഥാപിക്കാൻ ആഹ്വാനം ചെയ്ത് യൂറോപ്യൻ യൂണിയൻ. യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളുടെ AI സംരംഭങ്ങളുമായി ബന്ധിപ്പിച്ച് പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം

സൃഷ്ടിക്കുമെന്നും യൂറോപ്യൻ യൂണിയൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

## UAE-INDIA BUSINESS FORUM

യു എ ഇ യുമായുള്ള ബന്ധം രാജ്യത്തിന് അഭിമാനവും അയൽരാജ്യങ്ങളെ മോഹിപ്പിക്കുന്നതുമാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. മുംബൈയിൽ ആരംഭിച്ച യു എ ഇ - ഇന്ത്യ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായ്ദ് അൽ നഹ്യാൻ, യു എ ഇ യിലെ മറ്റു ക്യാബിനെറ്റ് മന്ത്രിമാർ എന്നിവർ ഫോറത്തിൽ സന്നിഹിതരായിരുന്നു. വ്യാപാര സംബന്ധമായ രണ്ട് കരാറുകളുടെ പുരോഗതിയും യോഗത്തിൽ വിലയിരുത്തി.

&&&&&&&&&&&&&&&&&&

## UNSC INDIA

യു. എൻ. - ൽ കൂടുതൽ രാജ്യങ്ങൾക്ക് സ്ഥിരാംഗത്വം നൽകുന്ന കാര്യം പരിഗണിക്കണമെന്ന നിർദേശം മുന്നോട്ട് വെച്ച് ഇന്ത്യ. പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണമെന്നാണ് ആവശ്യം. സുരക്ഷാ കൗൺസിലിലെ ഭിന്നതകൾ, സമാധാനശ്രമങ്ങളെ ബാധിക്കുന്നതായും ഇന്ത്യ ചൂണ്ടിക്കാട്ടി. യു.എന്നിലെ ഇന്ത്യയുടെ സ്ഥിരാംഗമായി പുതിയതായി നിയമിതനായ പി.ഹാരിഷ് നടത്തിയ ആദ്യ

പ്രസംഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

## GERMAN VISIT– DR JAISHANKAR

ജർമൻ സന്ദർശനം തുടരുന്ന കേന്ദ്ര വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ബെർലിനിൽ ജർമ്മൻ വിദേശകാര്യ മന്ത്രി അന്നലീന ബെയർബോക്കുമായി ചർച്ച നടത്തി. പശ്ചിമേഷ്യയിലെ സാഹചര്യങ്ങളും, ഗാസ സംഘർഷവും ചർച്ചചെയ്തതായി മന്ത്രാലയം പിന്നീട് അറിയിച്ചു. വ്യാപാരം, നിക്ഷേപം, സുസ്ഥിരവുമായ വികസനം, സാങ്കേതികവിദ്യ, പ്രതിരോധം, സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട് ഇന്ത്യ - ജർമ്മനി പങ്കാളിത്തം ഇരു നേതാക്കളും വിലയിരുത്തി. ആഗോള പ്രശ്നങ്ങളും യു.എൻ നവീകരണവും കൂടിക്കാഴ്ചയിൽ ചർച്ചയായി.

&&&&&&&&&&&&&&&&&&

## RUSSIA – NAVAL DRILL

ഏറ്റവും വലിയ നാവിക അഭ്യാസമായ 'ഓഷ്യൻ 2024' ന് തുടക്കം കുറിച്ച് റഷ്യ. റഷ്യൻ നാവികസേനയുടെയും വ്യോമസേനയുടെയും പ്രവർത്തനക്ഷമതയും യുദ്ധസന്നദ്ധതയും വിലയിരുത്തുന്നതാണ്

പരിശീലനത്തിന്റെ ലക്ഷ്യമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&